# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/ 08/ 2021


## വഴി തർക്കത്തെ തുടർന്ന് യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ചയാൾ അറസ്റ്റിൽ.

കൊല്ലം : യുവാവിനെ പാറകല്ല് വച്ച് തലയ്ക്കിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചയാൾ പോലീസ് പിടിയിലായി. കരുനാഗപ്പള്ളി നമ്പരുവികാല തൃക്കാർത്തിക വീട്ടിൽ ശശിധരൻ മകൻ പ്രവീൺ ശശി (42) ആണ് പോലീസ് പിടിയിലായത്. വീട്ടിലേക്കുള്ള വഴിയിലേക്ക് തടസമായി വളർന്ന് നിന്ന വേലിപ്പത്തലുകൾ ഒടിച്ച് മാറ്റിയ വിരോധത്തിലാണ് ഇയാൾ അയൽവാസിയെ ആക്രമിച്ചത്. ഇയാൾ അയൽവാസിയായ അരുണിനെ വേലിപ്പത്തിൽ വച്ച് അടിച്ച് താഴെയിട്ട് പാറക്കല്ല് കൊണ്ട് തലയ്ക്കിടിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇയാളെ കരുനാഗപ്പള്ളി ഇൻസ്പെകടർ ഗോപകുമാർ. ജി, എസ്സ്.ഐ മാരായ ജോൺസ് രാജ്, ജയശങ്കർ, അലോഷ്യസ്, റസൽ ജോർജ്ജ്, സി.പി.ഓമാരായ ശ്രീകുമാർ, ശ്രീകാന്ത് എന്നിവരടങ്ങിയ സംഘമാണ് അറസ്റ്റ് ചെയ്തത്. ഇയാളെ റിമാന്റ് ചെയ്തു.


പ്രവീൺ ശശി

## വീട്ടിൽ അതിക്രമിച്ച് കയറി യുവാവിനേയും മാതാവിനേയും കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ അറസ്റ്റിൽ

കൊല്ലം : വീട്ടമ്മയേയും മകനേയും കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ പോലീസ് പിടിയിലായി. കുലശേഖരപുരം നീലിക്കുളം മുറിയിൽ അനോലിൽ വീട്ടിൽ അജ്മൽ ഷാ(19) ആണ് പോലീസ് പിടിയിലായത്. കുലശേഖരപുരം വലിയതറ പടീറ്റതിൽ സീനത്തും മകൻ അദീൽ മുഹമ്മദുമാണ് ആക്രമിക്കപ്പെട്ടത്. അദീൽ മുഹമ്മദ് കൊല്ലത്തെ സ്വകാര്യ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. പ്രതിയുടെ സഹോദരിയുമായി അടുപ്പമുണ്ടെന്ന് ആരോപിച്ച് മുൻപ് നിരവധി തവണ അദീൽ മുഹമ്മദുമായി വഴക്കുണ്ടാക്കാറുണ്ടായിരുന്നു. കഴിഞ്ഞ ദിവസം കത്തിയുമായി വീട്ടിലെത്തിയ പ്രതി


അജ്മൽ ഷാ

അദീൽ മുഹമ്മദിനെ കുത്തുകയായിരുന്നു. ശരീരത്ത് പല തവണ കുത്തേറ്റ അദീലിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് മാതാവിനും കുത്തേറ്റത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സിന്റെ നിർദ്ദേശ പ്രകാരം കരുനാഗപ്പള്ളി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ഷൈനു തോമസിന്റെ നേതൃത്വത്തിൽ ഇൻസ്പെകടർ ഗോപകുമാർ. ജി, എസ്സ്.ഐമാരായ ജോൺസ് രാജ്, അലോഷ്യസ്, എ.എസ്സ്.ഐ നിസാമുദ്ദിൻ സി.പി.ഓമാരായ ശ്രീകുമാർ, ശ്രീകാന്ത് എന്നിവരടങ്ങിയ സംഘമാണ് പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

## വീട്ടിൽ അതിക്രമിച്ച് കയറി മധ്യവയ്സ്ക്കയെ ആക്രമിച്ച് മാനഹാനി വരുത്തിയ യുവാക്കൾ അറസ്റ്റിൽ

കൊല്ലം : വീട്ടമ്മയെ വീട്ടിൽ കയറി ആക്രമിച്ച യുവാക്കൾ കരുനാഗപ്പള്ളി പോലീസിന്റെ പിടിയിലായി. അയണിവേലിക്കുളങ്ങര വില്ലേജിൽ മരു. തെക്ക് ഇടയില വീട്ടിൽ ഇബ്രാഹിംകുട്ടി മകൻ ജലാലുദ്ദീൻ (36), അയണി വേലിക്കുളങ്ങര കോഴിക്കോട് മേക്ക് ചാലിന്റെ തെക്കതിൽ വീട്ടിൽ ഇബ്രാഹിംകുട്ടി മകൻ അൻസാരി (29) എന്നിവരാണ് പോലീസ് പിടിയിലായത്. മയക്ക് മരുന്ന് വ്യാപരാത്തെ സംബന്ധിച്ച് എക്സൈസ് കമ്മീഷണർക്ക് പരാതി നൽകി എന്നാരോപിച്ചാണ് ഇവർ വീട്ടിൽ കയറി ആക്രമിച്ചത്. പ്രദേശത്തെ മയക്ക് മരുന്ന് വ്യാപരത്തെ സംബന്ധിച്ച് സ്ത്രീകൾ സംഘടിച്ച് എക്സൈസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു.







കഴിഞ്ഞ ദിവസം ഇവിടേക്ക് ഗഞ്ചാവ് കൊണ്ട് വന്ന സംഘത്തെ കരുനാഗപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തതിനെ തുടർന്നാണ് പരാതിയിൽ ഒപ്പിട്ടവർക്ക് നേരെ ഇവർ സംഘടിത ആക്രമണം നടത്തിയത്. വീട്ടിൽ അതിക്രമിച്ച് കയറി വീട്ടമ്മയെ അസഭ്യം വിളിച്ച് കൊണ്ട് അവർ ധരിച്ചിരുന്ന വസ്ത്രം വലിച്ച് കീറി ഹെൽമെറ്റ് വച്ച് തലയിൽ ആക്രമിക്കുകയായിരുന്നു. സംഭവത്തിൽ വച്ച് വീട്ടമ്മ ധരിച്ചിരുന്ന സ്വർണ്ണ മാല നഷ്ടപ്പെട്ടു. കരുനാഗപ്പള്ളി ഇൻസ്പെകടർ ഗോപകുമാർ ജി, എസ്സ്.ഐ മാരായ ജോൺസ് രാജ്, ജയശങ്കർ, അലോഷ്യസ്, റസൽ ജോർജ്ജ്, സി.പി.ഓമാരായ ശ്രീകുമാർ, ശ്രീകാന്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഇവരെ റിമാന്റ് ചെയ്തു.

## ബോധവൽക്കരണം വ്യാപകമാക്കി കൊല്ലം സിറ്റി പോലീസ്

കൊല്ലം : കോവീഡ് പ്രതിരോധ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാക്കി പോലീസ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, ശക്തികുളങ്ങര, പാരിപ്പള്ളി, കണ്ണനല്ലൂർ, ചവറ തെക്കുംഭാഗം, കിളികൊല്ലൂർ, കരുനാഗപ്പള്ളി എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ ബോധവൽക്കരണം നടത്തി. വ്യാപാര സ്ഥാപനങ്ങളിലും ആട്ടോറിക്ഷാ ടാക്സി ഡ്രൈവേഴ്സിനേയുമാണ് മുഖ്യാമായും പ്രതിരോധ പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തിയത്. ഇവരുടെ സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കി വ്യാപിപ്പിക്കാനാണ് തിരുമാനിച്ചിരിക്കുന്നതെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സ് അറിയിച്ചു. കൂടാതെ ജനങ്ങൾ കൂട്ടം ചേരുന്ന സ്ഥലങ്ങളിൽ വ്യാപകമായ അനൗൺസ്മെന്റ് നടത്തി ജനങ്ങളെ സാമൂഹ്യ അകലം സൂക്ഷിക്കാൻ പോലീസ് നിർദ്ദേശിക്കുകയുമുണ്ടായി.